ക്ലിയർ ഫെല്ലിംഗ്, സെലക്ഷൻ ഫെല്ലിംഗ്, പ്ലാൻറിംഗ് ഇവയ്ക്ക് വിധേയമായ വനഭൂമി

632 [201] ശ്രീ. പി. എം. അബൂബക്കർ:
,, പി. സീതി ഹാജി:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, കെ. പി. രാമൻ:
,, സി. ടി. അഹമ്മദ് അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഏക്കർ വനം ക്ലിയർ ഫെല്ലിംഗ് നടത്തി;

(ബി) ഇതിൽ എത്ര ഏക്കർ പ്ലാൻറ് ചെയ്തു;

(സി) എത്ര ഏക്കർ വനത്തിൽ നിന്നും സെലക്ഷൻ ഫെല്ലിംഗ് നടത്തിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉദ്ദേശം 1342 ഹെക്ടർ സ്വാഭാവിക വനം ക്ലിയർ ഫെല്ലിംഗ് നടത്തിയിട്ടുണ്ട്.

(ബി) 58 ഹെക്ടർ പ്ലാൻറ് ചെയ്തിട്ടുണ്ട്.

(സി) 4571.433 ഹെക്ടർ വനം സെലക്ഷൻ ഫെല്ലിംഗിനു വിധേയമാക്കിയിട്ടുണ്ട്.

ഈറയ്ക്കുള്ള അധിക സെസ്സ്

633 [202] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈറയ്ക്കു ഏർപ്പെടുത്തിയിരുന്ന അധിക സെസ്സ് നിറുത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വർദ്ധിപ്പിച്ച അധിക സെസ്സ് കുറയ്ക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) വ്യാവസായിക ആവശ്യങ്ങൾക്ക് എഗ്രിമെൻറ് പ്രകാരം നൽകപ്പെടുന്ന ഈറയ്ക്കു മാത്രമേ അധിക വില ഏർപ്പെടുത്തിയിട്ടുള്ളൂ. ഇപ്രകാരമുള്ള അധികവില നിറുത്തലാക്കാൻ ഉദ്ദേശമില്ല. എന്നാൽ പരമ്പരാഗത ഈറ തൊഴിലാളികൾക്ക് തലച്ചുമടായി ഈറ ശേഖരിക്കുന്നതിന് ഈടാക്കി വന്നിരുന്ന വർദ്ധിപ്പിച്ച ഫീസ് 28-2-1986ലെ ജി. ഒ. എം. എസ്. 21/86/വനം എന്ന ഉത്തരവുപ്രകാരം കുറവു ചെയ്യുകയുണ്ടായി.

അവശ കായിക താരങ്ങൾക്കുള്ള പെൻഷൻ

634 [203] ശ്രീ പി. ഭാസ്കരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ കായിക താരങ്ങൾക്കുള്ള പെൻഷന് പുതിയതായി അപേക്ഷിച്ചിട്ടുള്ളവരിൽ എത്ര പേർക്ക് അനുവദിക്കും;

LIBRARY ARCHIVES Kerala Legislative Assembly